കേരളസർവകലാശാല

നം.പി.ആർ.163/2021

# പത്രക്കുറിപ്പ്

## കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2021–22 ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് 27 വരെ നീട്ടിയിരിക്കുന്നു.

കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ, സ്കൗട്ട് ആൻഡ് ഗൈഡ് (രാജ്യപുരസ്കാർ/നമ്മമുദ്ര) സർട്ടിഫിക്കറ്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ വെയ്റ്റേജായ 15 മാർക്ക് തങ്ങളുടെ പ്രൊഫൈലിൽ ചേർക്കാവുന്നതാണ്. ഇത്തരത്തിൽ പ്രൊഫൈൽ എഡിറ്റ് ചെയ്യുന്ന വിദ്യാർഥികൾ തങ്ങളുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിച്ചുവയ്ക്കേണ്ടതാണ്.

അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ആഗസ്റ്റ് 27. സ്പോർട്സ്ക്വാട്ട പ്രവേശനത്തിന് താൽപര്യമുള്ള വിദ്യാർത്ഥികൾ പ്രൊഫൈലിൽ ലഭ്യമാകുന്ന പ്രോഫോർമ തങ്ങൾ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിൽ (സ്പോർട്ട്സ്ക്വാട്ട പ്രവേശനത്തിന് താൽപര്യമുള്ള കോളേജുകളിൽ മാത്രം) നേരിട്ടോ ഇ–മെയിൽ മുഖാന്തരമോ ആഗസ്റ്റ് 27 ന് മുൻപായി സമർപ്പിക്കേണ്ടതാണ്.

ബി.എ. മ്യൂസിക് കോഴ്സുകളിലേക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷ ഫോമിന്റെ പകർപ്പ് അതാത് കോളേജുകളിൽ നേരിട്ടോ ഇ–മെയിൽ മുഖാന്തരമോ ആഗസ്റ്റ് 27 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്. കോളേജുകളുടെ ഇ–മെയിൽ ഐ.ഡി. അഡ്മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്.

(പ്രത്യേക കുറിപ്പ് : എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പരീക്ഷാഫലം

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്. ഗ്രൂപ്പ് 2 (എ) ആറാം സെമസ്റ്റർ ബി.എസ്സി. കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി (241) പ്രോഗ്രാമിന്റെ (2018 അഡ്മിഷൻ റെഗുലർ, 2017, 2016, 2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 31 വരെ ഓൺലൈനായി അപേക്ഷിക്കാം.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ എം.ഫിൽ. ഇംഗ്ലീഷ് (2019 – 20 ബാച്ച്) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ സെപ്റ്റംബർ 1 മുതൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. / സി.ബി.സി.എസ് കരിയർ റിലൈറ്റഡ് ബി.എ./ബി.എസ്സി./ബി.കോം. ഡിഗ്രി (റെഗുലർ 2019 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2018 അഡ്മിഷൻ, സപ്ലിമെന്ററി 2015 – 2017 അഡ്മിഷൻ, മേഴ്സി

ചാൻസ് 2013 അഡ്മിഷൻ) മേയ് 2021 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല നാലാം സെമസ്റ്റർ സി.ബി.സി.എസ്/ സി.ബി.സി.എസ് കരിയർ റിലൈറ്റഡ് പരീക്ഷകൾ 2021 സെപ്റ്റംബർ 1 മുതലും ഒന്നാം സെമസ്റ്റർ എം.എ/ എം.എസ്.സി എം.കോം/ എം.എസ്.ഡബ്ല്യു പരീക്ഷകൾ 2021 സെപ്റ്റംബർ 2 മുതലും ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

കേരളസർവകലാശാല ആഗസ്റ്റ് 12 മുതൽ നടത്തിവരുന്ന ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ്/ബി.സി.എ. (വിദൂരവിദ്യാഭ്യാസം) പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ ബി.കോം. എസ്.ഡി.ഇ. 2020 ഒക്ടോബറിൽ നടത്തിയ മൂന്നും നാലും സെമസ്റ്ററുകളുടേയും ജൂലൈ/ആഗസ്റ്റ് മാസങ്ങളിൽ നടത്തിയ അഞ്ചും ആറും സെമസ്റ്ററുകളുടേയും കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് ഇലക്ടീവിന്റെ പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 26 മുതലും ഫെബ്രുവരിയിൽ നടത്തിയ ബി.കോം. സി.എ. ത്രീമെയിൻ സപ്ലിമെന്ററി പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്റ്റംബർ 1 നും കാര്യവട്ടം ക്യാമ്പസിലെ സെൻട്രൽ ലബോറട്ടറി ഫോർ ഇൻസ്ട്രുമെന്റേഷൻ ആന്റ് ഫെസിലിറ്റേഷൻ (CLIF) ൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല ആഗസ്റ്റ് 24 മുതൽ ആരംഭിക്കുന്ന അഞ്ചും ആറും സെമസ്റ്റർ ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ്/ബി.സി.എ. പ്രാക്ടിക്കൽ പരീക്ഷകളുടെ (എസ്.ഡി.ഇ.) വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പുനർമൂല്യനിർണ്ണയം, സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2021 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ്. ഡിഗ്രി സ്പെഷ്യൽ എക്സാമിനേഷന്റെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഫ്‌ലൈനായി ആഗസ്റ്റ് 27 വരെ അപേക്ഷിക്കാം.

## പരീക്ഷാഫീസ്

കേരളസർവകലാശാല ഒക്ടോബർ 18 മുതൽ ആരംഭിക്കുന്ന ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ എം.ബി.എ. (വിദൂരവിദ്യാഭ്യാസം – മേഴ്‌സിചാൻസ് 2009 സ്കീം) പരീക്ഷകൾക്ക് പിഴകൂടാതെ ആഗസ്റ്റ് 27 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 3 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 7 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല സെപ്റ്റംബർ 13 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ ഡിഗ്രി (ഐ.ഡി.) (2015 സ്കീം റെഗുലർ/സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴകൂടാതെ ആഗസ്റ്റ് 27 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 2 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 6 വരെയും ഫീസടച്ച് ഓൺലൈൻ രജിസ്ട്രേഷൻ നടത്താം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## റിസർച്ച് പ്രോജക്ട് അവാർഡ് – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ കീഴിലുള്ള വിവിധ പഠനവകുപ്പുകളിലേയും സെന്ററുകളിലേയും അദ്ധ്യാപകരിൽ നിന്ന് 2020 – 21 സാമ്പത്തിക വർഷത്തിലെ വിവിധ "റിസർച്ച് പ്രോജക്ട്" അവാർഡുകൾക്കു വേണ്ടി അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
18.08.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**